LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ

92 [3497] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നിതിനുശേഷം കേരളത്തിൽ എത്ര സ്വാശ്രയ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഒട്ടാകെ എത്ര സീറ്റുകളാണ് ഉള്ളത്;

(സി) ഈ അദ്ധ്യയന വർഷത്തിൽ ഇവയിൽ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഡി) എൻട്രൻസ് പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയവയിൽ എത്ര സീറ്റുകളാണ് ഒഴിഞ്ഞുകിടക്കുന്നത്?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നിതിനുശേഷം ആരംഭിച്ച സ്വാശ്രയ കോളേജുകൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ് കോളേജുകൾ	..	56
മെഡിക്കൽ കോളേജുകൾ	..	7
ഡെന്റൽ കോളേജുകൾ	..	7
ആയുർവേദ കോളേജുകൾ	..	6
സിദ്ധ കോളേജുകൾ	..	1
ഫാർമസി കോളേജുകൾ	..	20
നഴ്സിംഗ് കോളേജുകൾ	..	42
ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ	..	70
ബി.എഡ്. കോളേജുകൾ	..	11

(ബി) സീറ്റുകൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:
(മുമ്പുണ്ടായിരുന്ന കോളേജുകളിലെ സീറ്റുകൾ ഉൾപ്പെടെ)

എഞ്ചിനീയറിംഗ്	..	18385
എം.ബി.ബി.എസ്.	..	700
ബി.ഡി.എസ്.	..	340
ആയുർവേദ	..	290
സിദ്ധ	..	50
നഴ്സിംഗ്	..	2050
ബി.ഫാം	..	1040

ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, ബി.എഡ്. കോളേജുകൾ എന്നിവയിലെ സീറ്റുകളുടെ എണ്ണം സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(സി) & (ഡി) എൻട്രൻസ് പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയശേഷം ഒഴിഞ്ഞുകിടക്കുന്ന സർക്കാർ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ്	..	3752
ബി.ഫാം	..	101
നഴ്സിംഗ്	..	130

എം.ബി.ബി.എസ്., ബി.ഡി.എസ്., ആയുർവേദ, സിദ്ധ എന്നിവയിൽ ഒഴിഞ്ഞുകിടക്കുന്ന സർക്കാർ സീറ്റുകളുടെ എണ്ണവും, മേൽ സൂചിപ്പിച്ച എല്ലാ കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന മാനേജ്മെന്റ് സീറ്റുകളുടെ എണ്ണവും ശേഖരിച്ച് നൽകുന്നതാണ്.

സഹകരണ സംഘങ്ങളിലെ ആഡിറ്റ്

93 [1499] ശ്രീ. കെ. എ. ചന്ദ്രൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, എം. എ. കുട്ടപ്പൻ:

,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ എത്ര ജീവനക്കാരുണ്ട്;

(ബി) നിലവിൽ എത്ര സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്ന കാര്യത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്;

(സി) എത്ര വർഷത്തെ കുടിശ്ശിക ഇക്കാര്യത്തിൽ വരുത്തിയിട്ടുണ്ട്; ആഡിറ്റ് കുടിശ്ശിക ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ 380 ആഡിറ്റർമാരും, കുടിശ്ശിക ആഡിറ്റ് ചെയ്യുവാൻ 75 ജൂനിയർ ആഡിറ്റർമാരും ഉണ്ട്. കൂടാതെ കെ.എസ്.ആർ. 156-ാം ചട്ടപ്രകാരം നിയമിക്കപ്പെടുന്ന വിവിധ ഗ്രേഡുകളിലുള്ള 987 കൺകറന്റ് ആഡിറ്റർ/അഡീഷണൽ ആഡിറ്റർമാരുണ്ട്.

(ബി) 31-1-2005-ലെ കണക്കുപ്രകാരം 15204 സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ട്.

(സി) ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ 1999-2000 മുതലും ആലപ്പുഴ ജില്ലയിൽ 2002-2003 മുതലും കോട്ടയം ജില്ലയിൽ 1998-99 മുതലുമുള്ള ആഡിറ്റ് കുടിശ്ശികയുണ്ട്. ആഡിറ്റ് കുടിശ്ശിക ഒഴിവാക്കുവാൻ സഹകരണ ആഡിറ്റ് പ്രത്യേക വിഭാഗമായി രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly